"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ ഭവനാനുകൂല്യം വിനിയോഗിച്ച് ശ്രീ. ജയൻ എം, ശ്രീമതി. മൈഥിലി അണ്ടലൂർ, പാലയാട് പി.ഒ എന്നിവർ നിർമ്മിച്ച വീടും സ്ഥലവും കരാർ കാലാവധിക്ക് മുമ്പ് വിൽക്കുന്നതിന് പലിശ ഒഴിവാക്കി മുതൽ തുക മാത്രം അടവാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.302/2021/LSGD തീയതി,തിരുവനന്തപുരം, 04/02/2021

---

പരാമർശം:- 1 ശ്രീ. ജയൻ എം, 17/12/2018 തീയതിയായി സമർപ്പിച്ച അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 06/05/2019, 4/11/2020 തീയതികളിലെ PAN/4024/2019-J2(DP) നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിൽ നിന്നും 2012-13ൽ ലഭ്യമായ ഭവനാനുകൂല്യം വിനിയോഗിച്ച് ശ്രീ. ജയൻ എം,, മൈഥിലി അണ്ടലൂർ പാലയാട് പി.ഒ എന്നിവർ നിർമ്മിച്ച വീടും സ്ഥലവും കരാർ കാലാവധിക്ക് മുമ്പ് വിൽക്കുന്നതിന് മുതൽ തുക പലിശ ഒഴിവാക്കി അടവാക്കുന്നതിന് അനുമതി നല്കണമെന്ന് സൂചന (1) പ്രകാരം ശ്രീ. ജയൻ എം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ടി അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ ഭവനാനുകൂല്യം വിനിയോഗിച്ച് ശ്രീ. ജയൻ & മൈഥിലി അണ്ടലൂർ എന്നിവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബീഡി തൊഴിലാളിയായി വിരമിച്ച ശ്രീ. ജയൻ നിരവധി ശാരീരിക അസ്വസ്ഥതകൾ അനുഭവിക്കുന്നതിനാൽ മറ്റ് ജോലികൾക്കൊന്നും പോകാൻ കഴിയാത്ത അവസ്ഥയിലാണ്. ടിയാന് രണ്ട് മക്കളുള്ളതിൽ മൂത്ത മകൻ 40% ലോക്കമോട്ടർ ഡിസബിലിറ്റിയുള്ളയാളും, ഇളയമകൾ 70% മാനസിക വൈകല്യവും കേൾവി ശേഷിയും കാഴ്ച ശക്തിയും ഇല്ലാത്തവരുമാണ്. വീട് പൂർത്തീകരണത്തിനും മക്കളുടെ ചികിത്സക്കുമായി ടിയാൾ വിവിധ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. ശാരീരികാസ്വസ്ഥതകൾ കാരണം മറ്റ് ജോലികളൊന്നും ചെയ്യാൻ കഴിയാത്ത ഇവർക്ക് ലോൺ തിരിച്ചടക്കാൻ

കഴിയാതെ കടം പെരുകി വരുകയാണ്. ബീഡിതൊഴിലാളി ക്ഷേമ പെൻഷനും, പിഎഫ് പെൻഷനും അല്ലാതെ മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും ഇല്ലാത്ത ഇവർ കടം വീട്ടുന്നതിനും, മിച്ചം വരുന്ന തുകക്ക് ചെറിയ വീട് നിർമ്മിക്കുന്നതിനുമാണ് നിലവിലെ വീടും സ്ഥലവും വിൽപ്പന നടത്തുന്നതിനാണ് പഞ്ചായത്തുമായുള്ള കരാർ, പലിശ ഒഴിവാക്കി റദ്ദ് ചെയ്യണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാന്റെ കുടുംബ പശ്ചാത്തലവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ആനുകൂല്യമായി കൈപ്പറ്റിയ തുകയുടെ പലിശ ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ അനുകൂലമായി തീരുമാനമെടുക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാന്റെ കുടുംബപശ്ചാത്തലവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത്, 25/05/2017ലെ 92/ഡിബി1/2017/തസ്വഭവ നമ്പർ സർക്കുലർ നിർദ്ദേശങ്ങളിൽ ഇളവ് വരുത്തി ശ്രീ. ജയൻ എം, ശ്രീമതി. മൈഥിലി അണ്ടല്ലൂർ എന്നിവർക്ക് ധർമ്മടം ഗ്രാമപഞ്ചായത്ത് ഭവന പദ്ധതി പ്രകാരം ലഭിച്ച വീടും സ്ഥലവും കരാർ കാലാവധിക്ക് മുമ്പ് വിൽക്കുന്നതിനായി ആനുകൂല്യമായി കൈപ്പറ്റിയ തുകയുടെ പലിശ മാത്രം തിരിച്ചടക്കുന്നതിൽ നിന്നും ഒഴിവാക്കി മുതൽ തുക
നൽകി പഞ്ചായത്തുമായുള്ള കരാർ റദ്ദ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ജില്ലാ കളക്ടർ, കണ്ണൂർ.
പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം.
സെക്രട്ടറി, ധർമ്മടം ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
ശ്രീ. ജയൻ. എം, & ശ്രീമതി. മൈഥിലി അണ്ടല്ലൂർ, പി.ഒ പാലയാട്, 670661 തലശ്ശേരി, കണ്ണൂർ ജില്ല.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ